**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2645** **06-10-2025 - ൽ മറുപടിയ്ക്ക്**

**റാമ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | റൈസിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എം. എസ്. എം. ഇ. പെർഫോമൻസ് (റാമ്പ്) പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | വേൾഡ് ബാങ്ക് പിന്തുണയോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് “റൈസിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എംഎസ്എംഇ പെർഫോർമൻസ് (RAMP). 2022 ജൂൺ 30-ന് പദ്ധതിയുടെ ദേശിയ തല ഉദ്ഘാടനം നടക്കുകയുണ്ടായി. 2022-27 വരെയുള്ള അഞ്ച് വർഷ കാലയളവിൽ ഈ പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര എം. എസ്. എം. ഇ മന്ത്രാലയത്തിന്റെ (MoMSME) ആഭിമുഖ്യത്തിലാണ്.<br><br>**റാംപ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ**:<br><br>1. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വിപണി പ്രവേശനം മെച്ചപ്പെടുത്തുകയും അവരുടെ ഉത്പന്നങ്ങൾക്ക് വിപണി വർദ്ധിപ്പിക്കുകയും ചെയ്യുക<br>2. എം. എസ്. എം.ഇ കൾക്ക് വായ്പാ ലഭ്യത ഉറപ്പുവരുത്തുക<br>3. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും സഹകരണവും പങ്കാളിത്തവും മെച്ചപ്പെടുത്തുക.<br>4. നിലവിലുള്ള ദേശിയ, സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്ന എം.എസ്.എം.ഇ പദ്ധതികളുടെ സ്വാധീനം വർദ്ധിപ്പിക്കുക<br>5. കാലതാമസം നേരിടുന്ന പേയ്മെന്റുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുക<br>6. MSME-കൾക്കിടയിൽ നവീന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക<br>7. എം.എസ്.എം.ഇ-കൾ തമ്മിലുള്ള ആശയവിനിമയം വർധിപ്പിക്കുക<br>8. നിലവിൽ എം.എസ്.എം.ഇ-കൾ പിന്തുടരുന്ന സമ്പ്രദായങ്ങളും പ്രക്രിയകളും മെച്ചപ്പെടുത്തുക<br>9. സംരംഭങ്ങൾക്കിടയിൽ ഹരിതവത്കരണ രീതികൾ പ്രോത്സാഹിപ്പിക്കുക |

| | | | |
|---|---|---|---|
| | | | സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും കാര്യശേഷിയും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്. |
| (ബി) | ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | (ബി) | റാംപ് പദ്ധതിയുടെ ഭാഗമാകാൻ താല്പര്യമുള്ള സംസ്ഥാനങ്ങൾ പ്രാഥമികമായി ഒരു സ്ട്രാറ്റജിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ (SIP) തയ്യാറാക്കുകയും, അത് കേന്ദ്ര MSME മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കേ ണ്ടതുമാണ്. SIP രൂപീകരണത്തിനായി സംസ്ഥാന ങ്ങൾക്ക് കേന്ദ്ര സർക്കാർ ഗ്രാന്റ് ലഭിക്കുന്നതാണ്. സംസ്ഥാനങ്ങൾക്ക് SIP തയ്യാറാക്കുന്നതിനായി ഗ്രാന്റുകൾ നൽകുന്നതിലൂടെ കേന്ദ്ര-സംസ്ഥാന സഹകരണം പ്രോത്സാഹിപ്പി ക്കുന്നതും ലക്ഷ്യമിടുന്നു.<br><br>RAMP പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ അടങ്ങിയ സ്ട്രാറ്റജിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ (SIP) 2023 ഒക്ടോബർ മാസം കേന്ദ്ര MSME മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കു കയും, ജനുവരി 2024-ൽ SIPക്ക് കേന്ദ്ര അംഗീകാരം ലഭിക്കുകയും ചെയ്തു. പദ്ധതിയുടെ നടത്തിപ്പിനായി 107.71 കോടി രൂപയുടെ ഗ്രാന്റ് കേന്ദ്ര MSME മന്ത്രാലയം അനുവദിക്കുകയും ചെയ്തു. 37.07 കോടി രൂപയുടെ സംസ്ഥാന വിഹിതവും 2024 സെപ്റ്റംബറിൽ സംസ്ഥാന സർക്കാർ അംഗീകാരം നൽകുകയും ചെയ്തു.<br><br>കേന്ദ്ര MSME മന്ത്രാലയം സംസ്ഥാന തലത്തിൽ നടപ്പിലാക്കുവാൻ വേണ്ടി അംഗീകരിച്ച വിവിധ പദ്ധതികൾ ഇവയാണ്:<br><br>1. മിഷൻ 1000 യൂണിറ്റുകൾക്കുള്ള DPR സഹായം<br>2. എം.എസ്.എം.ഇ.കൾക്ക് ബിസിനസ് എക്സിക്യൂട്ടീവ്സ് വഴി ഹാൻഡ്ഹോൾഡിങ്<br>3. ഇറക്കുമതി ബദൽ പഠനവും സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കലും<br>4. MSME ക്ലിനിക്കുകൾ, ടെക്നോളജി ക്ലിനിക്കുകൾ<br>5. ടെക്നോളജി സപ്പോർട്ട് സെന്റർ<br>6. സ്ത്രീകൾക്കും യുവാക്കൾക്കും പരിശീലന പരിപാടികൾ<br>7. എനർജി ഓഡിറ്റുകൾ<br>8. MSME അവാർഡുകൾ<br>9. ഐ.ടി ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തൽ |

| | | | |
|---|---|---|---|
| | | | 10. ബാങ്കേഴ്സ് മീറ്റ് (ലോൺ മേളകൾ)<br>11. കേരള ബ്രാൻഡ് മാർക്കറ്റിംഗ് & പ്രമോഷൻ<br>12. വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികൾ<br>13. ഇ.ഡി.ഇ.മാർക്കും റിസോഴ്സ് പേഴ്സൺമാർക്കുമായുള്ള ശേഷി വികസന പരിപാടികൾ<br>14. മേഖലാ അധിഷ്ഠിത സർവേകളും പഠനങ്ങളും<br>15. മേഖല നിർദ്ദിഷ്ട പരിശീലനങ്ങൾ, സെമിനാറുകൾ, കോൺക്ലേവുകൾ<br>16. കയറ്റുമതി നടപടിക്രമങ്ങളെക്കുറിച്ചുള്ള ശില്പശാലകൾ<br>17. ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം എടുക്കുന്നതിനുള്ള പ്രോത്സാഹനം.<br><br>മേൽ പറഞ്ഞ പദ്ധതികളുടെ ആസൂത്രണവും നടപ്പിലാക്കലും സംസ്ഥാന വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ആയിരിക്കും. ഇനിയുള്ള 3 വർഷ കാലയളവിലാണ് (2026-27 വരെ) ഈ പദ്ധതികൾ നടപ്പിലാക്കേണ്ടത്. RAMP SIP നടപ്പിലാക്കുന്നതിന്റെ ഓരോ ഘട്ടത്തിലും അത് വരെയുള്ള പുരോഗതി വ്യവസായ വകുപ്പ് കേന്ദ്ര MSME മന്ത്രാലയത്തെ അറിയിക്കേണ്ടതാണ്. പുരോഗതി വിലയിരുത്തിയ ശേഷം തുടർന്നുള്ള ഗ്രാന്റ് MSME മന്ത്രാലയം നൽകുന്നതാണ്.<br><br>RAMP പദ്ധതി കേരളത്തിലെ MSME കൾക്ക് മികച്ച വളർച്ച പ്രാപിക്കുവാനും, വിവിധ മേഖലകളിൽ അവയുടെ ശേഷി വികസിപ്പിക്കുവാനും സഹായകരമാകും. |
| (സി) | ഇതിനായി ബിസിനസ് ഡെവലപ്പ്മെന്റ് സർവീസ് പ്രൊവൈഡർമാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | ഉണ്ട്. RAMP പദ്ധതിയുടെ ഭാഗമായി എം.എസ്.എം.ഇ.കൾക്ക് വേണ്ട സഹായങ്ങളും നിർദേശങ്ങളും നല്കുന്നതിനുമായി 500 ബിസിനസ് ഡെവലപ്മെൻറ് സർവീസ് പ്രൊവൈഡർ, (ബി.ഡി.എസ്.പി)-മാരെ തദ്ദേശ സ്ഥാപന തലത്തിൽ നിയമിക്കുവാൻ Kerala Public Enterprises (Selection and Recruitment) Board വഴി റിക്രൂട്ട്മെന്റ് പൂർത്തിയാക്കി വരുന്നു. വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിജയകരമായ നടത്തിപ്പിനും, അർഹരായ എം.എസ്.എം.ഇ-കളെ അവയുടെ ഗുണഭോക്താക്കളാക്കുന്നതിനും വേണ്ടിയുള്ള പ്രധാന പങ്ക് വഹിക്കുന്നത് ബി.ഡി. എസ്.പി മാരായിരിക്കും. അവരുടെ പങ്ക് എം.എസ്.എം.ഇ-കൾക്ക് വേണ്ട ഉപദേശം നൽകുക എന്നുള്ളത് മാത്രമല്ല, മറിച്ച് അവരെ പരിവർത്തനം ചെയ്യുകയും അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന വ്യവസായ ഭൂപ്രകൃതിയിൽ |

| | | | |
|---|---|---|---|
| | | | അവരെ കൂടുതൽ മത്സരാധിഷ്ഠിതവും പ്രതിരോധശേഷിയുള്ളതും നൂതനവുമാക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നുള്ളതാണ്. |
| (ഡി) | അവരുടെ സേവനം ഏതു രീതിയിലായിരിക്കുമെന്നത് വിശദമാക്കാമോ? | (ഡി) | ദേശിയ തലത്തിലും സംസ്ഥാന തലത്തിലും സർക്കാരുകൾ രൂപീകരിക്കുന്ന വ്യവസായ സൗഹൃദ നയങ്ങൾ ഫീൽഡ് തലത്തിൽ ഓരോ എം.എസ്.എം.ഇയുടെയും അടുക്കലേക്ക് കൃത്യതയോട് എത്തിക്കുക എന്നുള്ളതാണ് ഓരോ BDSP മാരുടെയും പ്രധാന കർത്തവ്യം. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയിൽ ബി.ഡി.എസ്.പി മാരെ നേരിട്ട് നിയമിക്കുന്നതിലൂടെ, നിലവിലെ സംരംഭകർക്കും, സംരംഭം തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്കും വേണ്ട എല്ലാ സഹായവും പിന്തുണയും പ്രാദേശിക അടിസ്ഥാനത്തിൽ സർക്കാർ ഉറപ്പാക്കുന്നു.<br><br>ബി.ഡി.എസ്.പി.മാർ സംരംഭകർക്ക് വേണ്ട പിന്തുണ നൽകുന്നതിൽ മാത്രമല്ല, ഒരു പുതിയ ബിസിനസ്സ് ആരംഭിക്കുവാനോ, നിലവിലെ സംരംഭം സ്കെയിൽ അപ്പ് ചെയ്യുന്നതിനോ ഉദ്ദേശിക്കുന്ന ഏതൊരാൾക്കും അവർ ആദ്യ കോൺടാക്റ്റ് പോയിന്റാണ്. സംരംഭം തുടങ്ങുവാൻ ആഗ്രഹിക്കു ന്നവരെ ബിസിനസ് ആസൂത്രണത്തിൽ സഹായിക്കുക, വായ്പകൾക്കായി ബാങ്കുകളുമായി എം.എസ്.എം.ഇ-കളെ ബന്ധിപ്പിക്കുക, രജിസ്ട്രേഷനു കൾക്കും സബ്സിഡികൾക്കുമായി അപേക്ഷിക്കുന്നതിന് അവരെ ഹാൻഡ്ഹോൾഡ് ചെയ്യുക എന്നിവയൊക്കെ അവരുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ, സംരംഭകരെ സാങ്കേതിക ദാതാക്കളുമായി ബന്ധിപ്പി ക്കുന്നതിലും, വ്യാപാര മേളകളിൽ പങ്കെടുപ്പിക്കുന്നതിലൂടെ അവരുടെ വിപണി സാധ്യതകൾ വർധിപ്പിക്കുന്നതിനും, അവസരങ്ങളുടെ പുതിയ വാതിലുകൾ തുറക്കുന്നതിലും ബി.ഡി.എസ്.പി.മാർ പ്രധാന പങ്ക വഹിക്കും.<br><br>ഇവ കൂടാതെ, RAMP പദ്ധതിയുടെ ഭാഗമായി താലൂക്ക് തലത്തിലും ജില്ലാ തലത്തിലും നടപ്പാക്കുന്ന ടെക്നോളജി ക്ലിനിക്കുകൾ, ബാങ്കേഴ്സ് മീറ്റുകൾ, എം.എസ്.എം.ഇ ക്ലിനിക്കുകൾ, നൈപുണ്യ വികസന പരിപാടികൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, അവയിലേക്ക് അനുയോജ്യ രായ ഗുണഭോക്താക്കളെ മൊബിലൈസ് ചെയ്യുന്നതിനും ബി.ഡി.എസ്.പി.മാരുടെ സേവനം വളരെ പ്രധാനപെട്ടതാണ്. തദ്ദേശ സ്ഥാപന തലത്തിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ |

| | | | |
|---|---|---|---|
| | | | ഹെൽപ്പ് ഡെസ്കുകൾ കൈകാര്യം ചെയ്യുകയും, സർക്കാർ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകയും, സമഗ്രമായ വ്യാവസായിക വികസനം ഉറപ്പാക്കുവാൻ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരുടെയും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും കൂടെ ചേർന്ന് ബി.ഡി.എസ്.പി.മാർ പ്രവർത്തിക്കുകയും ചെയ്യണം.<br><br>RAMP പദ്ധതി കേരളത്തിലെ MSME കൾക്ക് മികച്ച വളർച്ച പ്രാപിക്കുവാനും, വിവിധ മേഖലകളിൽ അവയുടെ ശേഷി വികസിപ്പിക്കുവാനും സഹായകരമാകും. ഓരോ തദ്ദേശ സ്ഥാപന തലത്തിലുമുള്ള വ്യാവസായിക ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും, സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, നിലവിലെ എം.എസ്.എം.ഇ എക്കോസിസ്റ്റം സുസ്ഥിരപ്പെടുത്തുന്നതിനും വേണ്ടി RAMP പദ്ധതിയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പ് നിയമിക്കുന്ന ബി.ഡി.എസ്.പി.മാരുടെ സേവനങ്ങൾ വളരെയധികം ഉപയോഗപ്രദമായിരിക്കും. |

സെക്ഷൻ ഓഫീസർ